# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4436 22/07/2015-ൽ മറുപടിയ്ക്ക്**

**മത്സ്യസമൃദ്ധി പദ്ധതി**

| ചോദ്യം<br>ശ്രീ. കെ. എൻ. എ. ഖാദർ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച മത്സ്യസമൃദ്ധി പദ്ധതിയുടെ ആദിവാസി മേഖലകളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടന്നുവരുന്നത്; ആദിവാസി വിഭാഗമുള്ള എല്ലാ ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) മത്സ്യസമൃദ്ധി പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കിവരുന്നപദ്ധതിയാണ്. ആദിവാസി മേഖലയിലെ ജനവിഭാഗങ്ങൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ളത് പ്രധാനമായിട്ടും വയനാട് ജില്ലയിലാണ്. ഈ വിഭാഗത്തിലുള്ള 324 മത്സ്യകർഷകർക്ക് പരിശീലനം നൽകുകയും 22 ഹെക്ടർ സ്ഥലത്ത് 1.65 ലക്ഷം മത്സ്യക്കുഞ്ഞുങ്ങൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ 30 കർഷകർക്ക് ട്രെയിനിംഗ് നൽകുകയും 0.5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഇൻപുട്ട് സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) മത്സ്യസമൃദ്ധി പദ്ധതി പ്രസ്തുത പ്രദേശത്തെ ആദിവാസി സമൂഹത്തിന്റെ വരുമാന വർദ്ധനവിന് സഹായിച്ചിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ? | (സി) മീൻപിടുത്തം പ്രധാന തൊഴിൽ മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ആദിവാസി സമൂഹത്തിന്റെ വരുമാന വർദ്ധനവിന് മത്സ്യസമൃദ്ധി പദ്ധതി സഹായിച്ചതായി വിലയിരുത്തുന്നു. കൂടാതെ മത്സ്യസമൃദ്ധി പദ്ധതിയിലെ ഒരു പ്രധാന ഘടക പദ്ധതിയായ ഓപ്പൺ വാട്ടർ റാഞ്ചിംഗ് നദികളിലെയും മറ്റ് ജലാശയങ്ങളിലേയും മത്സ്യസമ്പത്തിന്റെ വർദ്ധനവിന് കാരണമാകുന്നതുകൊണ്ട് ഇത്തരം ജനവിഭാഗത്തിന്റെ തൊഴിലവസരങ്ങൾ / വരുമാനം എന്നിവയുടെ വർദ്ധനവിന് സഹായിക്കുന്നു. |

**സെക്ഷൻ ആഫീസർ**